I ഇ.ബി. XV - കേരള നിയമസഭ/VIII-17

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 15, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: തിരുവനന്തപുരം ചേങ്കോട്ടുകോണത്ത് 16 വയസ്സുകാരിയായ പെൺകുട്ടി നടുറോഡിൽവച്ച് ക്രൂരമായി ആക്രമിക്കപ്പെട്ടത് സംബന്ധിച്ചാണ് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത്. ഈ വിഷയത്തിന് അടിയന്തരസ്വാഭാവമില്ലാത്തതിനാലും അടുത്ത കാലത്തുണ്ടായ പ്രത്യേക സംഗതി അല്ലാത്തതിനാലും അനുമതി നിഷേധിക്കുന്നു. ബഹുമാനപ്പെട്ട അംഗത്തിന് ഈ വിഷയം സബ്മിഷനായി ഉന്നയിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഭരണസിരാകേന്ദ്രത്തിനു സമീപം പതിനാറ് വയസ്സുള്ള പെൺകുട്ടി പട്ടാപ്പകൽ നടുറോഡിൽവച്ച് ക്രൂരമായി അധിക്ഷേപിക്കപ്പെടുകയും അക്രമിക്കപ്പെടുകയും ചെയ്ത വിഷയത്തിന്മേൽ ചർച്ച അനുവദിക്കാത്തത് നിർഭാഗ്യകരമാണ്.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) വയോജന സൗഹൃദ സംസ്ഥാനം

ശ്രീ. കെ. പി. മോഹനൻ: വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികളാവിഷ്കരിക്കുന്നതിനും സ്വത്തുതർക്കം ഉൾപ്പെടെയുള്ള പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും കേരളത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## III. സബ്മിഷൻ

അഴീക്കോട് വൃദ്ധമന്ദിരം

ശ്രീ. കെ. വി. സുമേഷ്: അഴീക്കോട് വൃദ്ധമന്ദിരത്തിലെ ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

(സർവ്വശ്രീ ജോബ് മൈക്കിൾ, പി. മമ്മിക്കുട്ടി, സേവ്യർ ചിറ്റിലപ്പിള്ളി ശ്രീമതിമാർ ശാന്തകുമാരി കെ., സി. കെ. ആശ എന്നീ അംഗങ്ങളുടെ സബ്മിഷനുകൾക്കുള്ള മറുപടികൾ മേശപ്പുറത്തുവച്ചു.)

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ്-1 (ചട്ടം 236(5)) പ്രകാരവും ലിസ്റ്റ്-2 (ചട്ടം 236(6)) പ്രകാരവുമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ആറും ഏഴും റിപ്പോർട്ടുകൾ സമർപ്പിച്ചു.

## VI. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ബ്രഹ്മപുരം മാലിന്യ പ്ലാന്റ്

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലെ തീപിടിത്തവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) പ്രസ്താവന നടത്തി.

## VII. ധനകാര്യം

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം
(686,50,11,000 രൂപ)

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV - വനം
(850,95,15,000 രൂപ)

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) : മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

(2095,01,06,000 രൂപ)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

(984,46,46,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

(200,70,29,000 രൂപ)

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 10.35-ന് പിരിഞ്ഞു.

*********